# 'ഒരുങ്ങിയിരിക്കുക....'

സലീല

ഭൂമി കറങ്ങുന്നുണ്ട്
ഋതുക്കൾ വന്നു മടങ്ങുകയും....
കിഴക്കുദിച്ചു പടിഞ്ഞാറ്
എരിഞ്ഞമരുമ്പോൾ
സൂര്യനൊരു പദം
ചൊല്ലുന്നുണ്ട്;
"ഒരുങ്ങിയിരിക്കുക..."
ജീവനെ ഇരുട്ടിലേക്കെറിഞ്ഞു
കാലമുഖത്തൊരു ചിരിയും....
ഓരോ ഒരുക്കവും മരണത്തിനായി,
അല്ലെങ്കിൽ വറുതിയുടെ നാളുകളെ
എതിരിടാൻ.....
പുക പടലങ്ങൾ,
ഓസോൺ പാളികളെ
ഞെരിക്കുന്നുണ്ട്.
എന്റെ ആവലാതികളിൽ
വഴിമാറി പോയേക്കാവുന്ന
കാലവർഷത്തെയോർത്തൊരു നെടുവീർപ്പും,
കാർമേഘമില്ലാത്ത ആകാശവും
തോരാതെ പെയ്യാത്ത മഴയും....
പച്ചകളെ തകിടം മറിച്ചു.

